ഷോർട്ട് നോട്ടീസ് ചോദ്യം. ൯.

MINUTE OF DISSENT

* ൯. ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആറങ്ങൽ മുനിസിപ്പൽ കൌൺസിലിലെ ഒരു കൌൺസിലറായ ശ്രീ. വി. പി. അനന്തൻ കൊടുത്തിരുന്ന ഒരു മിനിട്ട് ആഫ് ഡിസൻറ് ആറങ്ങൽ മുനിസിപ്പാലിറ്റിയിൽനിന്നും ഗവൺമെണ്ടിലേക്ക് അയച്ചിരുന്നോ;

(ബി) അയച്ചിരുന്നുവെങ്കിൽ അതു സംബന്ധിച്ച നടപടി ഇപ്പോൾ എതു നിലയിലിരിക്കുന്നു;

(സി) ഈ വിഷയം സംബന്ധിച്ച എല്ലാ രേഖകളും ഇപ്പോൾ ഗവൺമെണ്ടിന്റെ പക്കൽ ഉണ്ടോ;

(ഡി) മുൻപറഞ്ഞ മിനിട്ട് ആഫ് ഡിസൻറ് ഇപ്പോൾ ആരുടെ പക്കൽ ഇരിക്കുന്നു;

(ഇ) മിനിട്ട ആഫ് ഡിസൻറ കാണാതെ പോകയോ ഇല്ലാതെയോ വന്നിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദി ആരാണ്?

ശ്രീ. എൻ. കുഞ്ഞുരാമൻ:

(എ) അയച്ചിരുന്നു.

(ബി) നടപടികൾ ഇതുവരെ പൂർത്തിയായിട്ടില്ല.

(സി) ഇല്ല.

(ഡി) അതിനെപ്പറ്റി അന്വേഷണത്തിലിരിക്കയാണ്.

(ഇ) അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ പി. നാണു: ഫയൽ കണ്ടുകിട്ടുമെന്നാണൊ വിചാരിക്കുന്നത്.

ശ്രീ. എൻ. കുഞ്ഞുരാമൻ: അതന്വേഷണത്തിൽ ഇരിക്കയാണ്.

ശ്രീ. പി. നാണു: കണ്ടുകിട്ടാതെ വരുന്ന ഫയൽ സംബന്ധിച്ച അവസാന തീരുമാനം എങ്ങനെയാണ് ഉണ്ടാകുന്നത്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ആരാണ് അതിനുത്തരവാദി എന്നു് അറിഞ്ഞതിനുശേഷം അവരുടെ പേരിൽ നടപടി എടുക്കുകയായിരിക്കും ചെയ്യുന്നത്.

ശ്രീ. പി. നാണു: ആ ഡിസൻറിംഗ് മിനിട്ട് ഗവൺമെണ്ടിനു് കിട്ടിയതു് എന്നാണ്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ൨൯—൨—൧൯൬൪-ൽ.

ശ്രീ. പി. നാണു: അതു കാണാതെപോയതു് എന്നാണ്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതറിഞ്ഞുകൂടാ.

ശ്രീ പി. നാണു: അതിലടങ്ങിയിരിക്കുന്ന സംഗതികളെപ്പറ്റി ഇഷ്ടമില്ലാത്ത ഉദ്യോഗസ്ഥന്മാരാരോണൊ അതു് മറവു ചെയ്തു?

ശ്രീ. എൻ. കുഞ്ഞുരാമൻ: അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇതിനെപ്പറ്റിയുള്ള അന്വേഷണം എന്നു തുടങ്ങിയതെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഈ ചോദ്യം വന്നതിനുശേഷമാണ്.

ശ്രീ. പി. നാണു: ഈ ഫയൽ സംബന്ധിച്ചു് ഒരു തീരുമാനമെടുക്കുന്നതിനു് ഇത്രയും കാലതാമസം വന്നതു് എന്തുകൊണ്ടാണ്?

ശ്രീ. എൻ. കുഞ്ഞുരാമൻ: നടപടികൾ എടുത്തുകൊണ്ടിരുന്നപ്പോഴാണ് ഫയൽ കാണാതെപോയതു്.

LIBRARY ARCHIVES Kerala Legislative Assembly